വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ



# പാദവാർഷിക മൂല്യനിർണയം 2017–18

## അടിസ്ഥാനശാസ്ത്രം

സ്റ്റാൻഡേർഡ്: V — സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് 15 മിനിറ്റ് സമാശ്വാസ സമയമാണ്.
2. എട്ടു പ്രവർത്തനങ്ങളാണ് ആകെ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ നിന്നും ഏതെങ്കിലും ആറ് പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1**

A) താഴെ നൽകിയിരിക്കുന്നവയിൽ നിന്നും അനുയോജ്യമായവ തെരഞ്ഞെടുത്ത് തന്നിരിക്കുന്ന മാതൃക പോലെ ജോഡികൾ തയ്യാറാക്കുക.

ഹരിതകം
മഞ്ഞയും ഓറഞ്ചും കലർന്ന നിറം
കാരോട്ടിൻ
മഞ്ഞ
ചുവപ്പ്
ആന്തോസയാനിൻ
സാന്തോഫിൽ
പച്ച

a) ഹരിതകം - പച്ച

b) ...............................................

c) ...............................................

d) ...............................................

B) സസ്യങ്ങൾ ആഹാരം നിർമിക്കുന്ന പ്രവർത്തനത്തിൽ ഹരിതകത്തിന്റെ പങ്ക് എന്ത് ?

**പ്രവർത്തനം 2**

മഴവെള്ളം സംഭരിക്കുന്നതിന് അനുയോജ്യമായ ഒരു രീതിയാണ് മഴക്കുഴി നിർമാണം. മഴവെള്ളം മണ്ണിലേക്കിറങ്ങാൻ മറ്റെന്തൊക്കെ മാർഗങ്ങൾ നമുക്ക് സ്വീകരിക്കാം.

- മഴക്കുഴികൾ നിർമിക്കുക
- 
- 
- 
- 
- 

പ്രവർത്തനം 3

ചിത്രം നിരീക്ഷിക്കുക.




a) ഈ ചിത്രീകരണം ഏത് ശാസ്ത്രതത്വത്തെ സൂചിപ്പിക്കുന്നു?

b) A യിൽ നിന്നും മണൽ നീക്കം ചെയ്താൽ B യിലുണ്ടാകുന്ന മാറ്റം എന്താണ്?

c) പുഴയിലെ മണൽ വാരൽ, സമീപത്തെ കിണറുകളിൽ ജലക്ഷാമമുണ്ടാക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

പ്രവർത്തനം 4

A) ബീറ്റ്റൂട്ട്, ഇഞ്ചി, ചേന , കാരറ്റ് എന്നീ സസ്യങ്ങളെ തരം തിരിക്കാമോ? ഉചിതമായ തലക്കെട്ടും നൽകണം.

| ............................................... | ഭൂകാണ്ഡം |
|---|---|
| ............................................... | ............................................... |
| ............................................... | ............................................... |

B) ഓരോ കൂട്ടത്തിന്റെയും സവിശേഷതയെന്ത്?

പ്രവർത്തനം 5

ചിത്രം നിരീക്ഷിക്കൂ.



a) ജലത്തിന്റെ ഈ സവിശേഷത പ്രയോജനപ്പെടുത്തുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക?

b) നീരാവി തണുത്ത് ജലമായി മാറുന്ന പ്രക്രിയ ഏത്?

c) ഈ പ്രക്രിയകളുടെ അടിസ്ഥാനത്തിൽ മഴയുണ്ടാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക?

## പ്രവർത്തനം 6

A) താഴെക്കൊടുത്തിരിക്കുന്ന ചിത്രീകരണത്തിൽ വിട്ടുപോയ ഭാഗം (a, b, c, d) പൂരിപ്പിക്കുക.




B) അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് നിലനിർത്തുന്നതിൽ ചെടികളുടെ പങ്ക് എന്ത്?

## പ്രവർത്തനം 7

A) താഴെ നൽകിയിരിക്കുന്ന സന്ദർഭങ്ങളിൽ സൂര്യൻ,ഭൂമി, ചന്ദ്രൻ എന്നിവയുടെ സ്ഥാനം ക്രമീകരിച്ച് എഴുതുക.

1. സൂര്യഗ്രഹണം

| | | |
|---|---|---|
| സൂര്യൻ | | |

2. ചന്ദ്രഗ്രഹണം

| | | |
|---|---|---|
| | | ചന്ദ്രൻ |

B) ചന്ദ്രനും ഭൂമിയും അതാര്യമായതുകൊണ്ടാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.

പ്രവർത്തനം 8

A) താഴെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് അവയിൽ കാണുന്ന പ്രത്യേകതരം വേരുകളുടെ പേരും അവയുടെ ധർമ്മവും എഴുതുക.



ആൽമരം — a



കപ്പ — b



ആറ്റുകൈത — c



കണ്ടൽച്ചെടി — d

B) താഴെ തന്നിരിക്കുന്നവയിൽ കൂട്ടത്തിൽപ്പെടാത്തവയുടെ പേര് കണ്ടെത്തി എഴുതുക. അതിനുള്ള കാരണവും എഴുതണം.

| |
|---|
| ഇത്തിൾക്കണ്ണി, മൂടില്ലാത്താളി, റഫ്ളീഷ്യ, പൂപ്പലുകൾ |